**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4493** **19-07-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യവും സ്കോളർഷിപ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത സൗകര്യം അപര്യാപ്തമാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ; | (എ) | നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ട് ഹോസ്റ്റലുകൾ ഒന്നും നടത്തുന്നില്ല. കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് താഴെപ്പറയുന്ന 5 ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>Sl.No. Hostel Place<br><br>1. OBC Prematric Hostel (Girls) CUSAT, Kochi<br><br>2. OBC Prematric Hostel (Boys) CUSAT, Kochi<br><br>3. OBC Prematric Hostel (Girls) MG University<br><br>4. OBC Prematric Hostel (Boys) MG University<br><br>5. OBC Prematric Hostel (Boys) Government Engineering College, Thrissur<br><br>കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (ബി) | പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് പോലുള്ള ആനുകൂല്യം പല വർഷങ്ങളിലും മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ സംസ്ഥാനാവിഷ്കൃത സ്കീമുകളിൽ കൃത്യമായി ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. അപേക്ഷാ സമർപ്പണത്തിൽ വരുത്തുന്ന കാലതാമസമോ സാങ്കേതിക പ്രശ്നങ്ങൾ മൂലമോ ഏതാനും വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് യഥാസമയം കേന്ദ്ര വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ആനുകൂല്യ വിതരണം വൈകുന്ന സാഹചര്യമുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകുപ്പ് തലത്തിൽ താമസം കൂടാതെ സമയബന്ധിതമായിതന്നെ അനുവദിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബഡ്ജറ്റ് വകയിരുത്തലിന് പുറമേ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടിയെടുക്കുന്നതിനും കാലതാമസം കൂടാതെ പരമാവധി വേഗത്തിൽ ആനുകൂല്യ വിതരണ നടപടികൾ നിർവ്വഹിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ